PAN/3017/2021-E8(DP) **പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,**

തീയതി :27/04/2022

**<u>നോട്ടീസ്</u>**

**വിഷയം: – പഞ്ചായത്ത് വകുപ്പ്-ശ്രീ.ജയരാജ്.പി.എം, ശ്രീ.മിഥുൻ കൈലാസ് എന്നിവരുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നത്– സംബന്ധിച്ച്**

**പരാമർശം: –**

1. **23.12.2021–ന് ചേർന്ന വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാനങ്ങൾ**
2. **പഞ്ചായത്ത് ഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ 8–14132/18 നമ്പർ ഉത്തരവ്**
3. **24.03.2022 തീയതിയിലെ ഇ 1–13/21 നമ്പർ ഉത്തരവ്**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികയിലുൾപ്പെട്ട ശ്രീ.ജയരാജ്.പി.എം, ശ്രീ.മിഥുൻ കൈലാസ് എന്നിവരുടെ സെലക്ട് ലിസ്റ്റ് പരാമർശം–1 പ്രകാരം മാറ്റം വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുകൾ ഉൾപ്പെട്ടിട്ടുള്ള സീനിയോറിറ്റി പട്ടികകളിലും ക്രമാനുഗതമായ മാറ്റം വരുത്തേണ്ടതുണ്ട്.

16.07.2015 പ്രാബല്യത്തിൽ KS&SSR rule 13A 1(a) പ്രകാരം സെക്രട്ടറിയായി താത്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിരുന്ന ശ്രീ .ജയരാജ് പി.എം. മൂന്ന് വർഷക്കാലയളവിൽ നിർബന്ധിത ടെസ്റ്റ് യോഗ്യത നേടാത്ത കാരണത്താൽ ടെസ്റ്റ് യോഗ്യത നേടിയ തീയതി അടിസ്ഥാനമാക്കി 17.08.2018 പ്രാബല്യത്തിൽ പരാമർശം–1 പ്രകാരം ചേർന്നിട്ടുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) അജണ്ട–2 തീരുമാന പ്രകാരം ടിയാൻറെ നിയമനം ക്രമവൽകരിക്കുന്നതിനും ടിയാനെ 2018–ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 155 എസ്. രാധാകൃഷ്ണൻ നായർക്കും ക്രമനമ്പർ 156 എ. റാഷിദയ്ക്കുമിടയിൽ 155 എ നമ്പരായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനം 27.01.2022 ലെ 348 ആം നമ്പർ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പരാമർശം–2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1118 ആയി ഉൾപ്പെട്ടിരുന്ന ടിയാനെ പ്രസ്തുത സ്ഥാനത്ത് നിന്നും ഒഴിവാക്കി പരാമർശം–3 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികകളിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 105 ആയ ടി.എം.ഷീബ (എസ്.രാധാകൃഷ്ണൻ നായർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.) ക്രമ നമ്പർ 106 ആയ എ.റാഷിദ എന്നിവർക്കിടയിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് കാണുന്നു.

20.12.2016 പ്രാബല്യത്തിൽ ശ്രീ.മിഥുൻ കൈലാസിന് സെക്രട്ടറിയായി സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ പരാമർശം–1 പ്രകാരം ചേർന്നിട്ടുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) അജണ്ട–3 തീരുമാന പ്രകാരം ടിയാന് KS&SSR rule 13A 1(a) പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കി മുൻകാല പ്രാബല്യത്തോടെ 2014 ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 42

സുനിൽകുമാർ.ജി-ക്കും ക്രമനമ്പർ 43 ഷൈജു വർഗ്ഗീസിനുമിടയിൽ 42 എ നമ്പരായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനം 27.01.2022 ലെ 347 ആം നമ്പർ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 1349 ആയി ഉൾപ്പെട്ടിരുന്ന ടിയാനെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 1048 സുനിൽകുമാർ.ജി-ക്കും ക്രമനമ്പർ 1049 ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്താവുന്നതാണ് എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 1118 ആയി ഉൾപ്പെട്ടിരുന്ന ശ്രീ. ജയരാജ് പി.എം-നെ പ്രസ്തുത സ്ഥാനത്ത് നിന്നും ഒഴിവാക്കി പരാമർശം-3 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 105 ആയ ടി.എം.ഷീബ, ക്രമ നമ്പർ 106 ആയ എ.റാഷിദ എന്നിവർക്കിടയിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1349 ആയി ഉൾപ്പെട്ടിരുന്ന ശ്രീ.മിഥുൻ കൈലാസിനെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1048 സുനിൽകുമാർ.ജി-ക്കും ക്രമനമ്പർ 1049 ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്തിക്കൊണ്ടും സീനിയോറിറ്റി താത്കാലികമായി ഇതിനാൽ പുനഃക്രമീകരിക്കുന്നു.

ഇതു സംബന്ധമായി എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം, ആയത് നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ഉപോത്ബലകമായ രേഖകൾ സഹിതം ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

എച്ച്.ദിനേശൻ, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

<u>പകർപ്പ്</u>

1. വ്യക്തികൾക്ക് (ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. വെബ്സൈറ്റ്
4. കരുതൽ / അധികം

Signature Not Verified

Digitally signed by Dineshan H
Date: 2022.04.27 13:29:40 IST
Reason: Approved